# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2015** **22/01/2014-ൽ മറുപടിയ്ക്ക്**

**മാതൃകാ മത്സ്യകൃഷിയിടങ്ങൾ**

**ചോദ്യം**

**ശ്രീ. എളമരം കരീം:**

**മറുപടി**

**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

| | | | |
|---|---|---|---|
| (എ) | 2013-14 സാമ്പത്തിക വർഷത്തിൽ മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനായി വകയിരുത്തിയിരുന്ന തുകയിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും | മാതൃകാ മത്സ്യകൃഷിയടങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തുമെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി ആവശ്യത്തിലേയ്ക്കായി 2013 ജൂലൈ മാസത്തെ ഉപധനാഭ്യർത്ഥനയിൽ 1000/- രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. 50 ലക്ഷം രൂപ ചെലവിൽ 50 മാതൃകാ മത്സ്യകൃഷിയിടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിക്കായി 2013-14 സാമ്പത്തിക വർഷത്തിൽ എത്ര മത്സ്യ കർഷകർ അപേക്ഷ സമർപ്പിച്ചിരുന്നു ; വ്യക്തമാക്കുമോ ; | | |
| (സി) | ഇതിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരെത്ര; അവരിൽ പൂർണ്ണ ധനസഹായം ലഭിച്ചവരെത്ര; ധനസഹായം ലഭിക്കാത്തവരെത്ര: വ്യക്തമാക്കുമോ ; | | |
| (ഡി) | പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര മാതൃകാ മത്സ്യകൃഷിയിടങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇപ്പോൾ മാതൃകാ മത്സ്യകൃഷിയിടങ്ങൾ നിലവിലില്ല. |

**സെക്ഷൻ ആഫീസർ**